ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE**:15.01.2025

## പ്രധാനവാർത്തകൾ

1. ഇന്ത്യ ഇന്ന് ലോകത്തിലെ ഒരു പ്രധാന നാവിക ശക്തിയായി വളർന്നു കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ; മുംബൈയിൽ, മൂന്ന് മുൻനിര നാവിക സേനാ കപ്പലുകൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു.

2. എഴുപത്തിയേഴാമത് കരസേനാ ദിനത്തിൽ ആശംസകൾ അറിയിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ.

3. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ അത്യാധുനിക മൈക്രോബയോളജി ലാബ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

4. ലോക കലാമേളയായ റാഗ് ബാഗിൻറെ ആദ്യ പതിപ്പിന് കോവളത്തെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ തുടക്കം.

5. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള - തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്ക് സാധ്യത ; മത്സ്യതൊഴിലാളികൾക്കും തീരദേശവാസികൾക്കും ജാഗ്രതാ നിർദേശം.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻ SC - ചെന്നൈയിൻ FC യെ നേരിടും.

RNU TVPM

******************************************************

## പ്രധാനമന്ത്രി - മഹാരാഷ്ട്ര-ഇൻട്രോ

ഇന്ത്യ ഇന്ന് ലോകത്തിലെ ഒരു പ്രധാന നാവിക ശക്തിയായി വളർന്നു കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ, മൂന്ന് മുൻനിര നാവിക യുദ്ധക്കപ്പലുകളായ ഐഎൻഎസ് സൂറത്ത്, ഐഎൻഎസ് നീലഗിരി, ഐഎൻഎസ് വാഗ്ഷീർ എന്നിവ രാഷ്ട്രത്തിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. ശക്തവും സ്വയം പര്യാപ്തവുമായ പ്രതിരോധ മേഖല കെട്ടിപ്പടുക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയ്ക്ക് തെളിവാണ് പുതിയ കപ്പലുകളുടെ കമ്മീഷനിങ് എന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്...)

ഇതാദ്യമായാണ് നാവികസേനയുടെ മൂന്ന് കപ്പലുകൾ ഒരേസമയം കമ്മീഷൻ ചെയ്യുന്നത്. നവി മുംബൈയിലെ ഖാർഘറിൽ ഇസ്കോൺ ക്ഷേത്രവും ശ്രീ മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

RNU TVPM

******************************************************

## കരസേനാ ദിനം

ഇന്ന് എഴുപത്തിയേഴാമത് കരസേനാ ദിനം. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ തുടങ്ങിയവർ സേനാംഗങ്ങൾക്കും വിമുക്തഭടന്മാർക്കും ആശംസകൾ നേർന്നു. രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിനും ദേശീയ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള സൈന്യത്തിന്റെ അചഞ്ചലമായ പ്രതിബദ്ധത രാജ്യത്തിനാകെ പ്രചോദനമാണെന്ന് രാഷ്ട്രപതി പറഞ്ഞു. സേനയുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. 1949-ൽ അവസാനത്തെ ബ്രിട്ടീഷ് സൈന്യാധിപനിൽ

നിന്ന് ജനറൽ കെ.എം കരിയപ്പ ഇന്ത്യൻ കരസേനയുടെ കമാൻഡ് ഏറ്റെടുത്തതിന്റെ സ്മരണയ്ക്കായാണ് ദിനാചരണം സംഘടിപ്പിക്കുന്നത്..

*******************************************

## കേരള നിയമസഭ-സമ്മേളനം

15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിന് വെള്ളിയാഴ്ച തുടക്കമാകും. ഗവർണറുടെ നയ പ്രഖ്യാപനത്തോടെയായിരിക്കും സമ്മേളനം ആരംഭിക്കുക. സമ്മേളനത്തിൻറെ ആദ്യ ഘട്ടം ഈ മാസം 23 ന് സമാപിക്കും.

*******************************************

## ലാബ് - വീണാ ജോർജ്

തിരുവനന്തപുരത്ത് സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നിർമ്മാണം പൂർത്തീകരിച്ച ആധുനിക സൗകര്യങ്ങളോട് കൂടിയ മൈക്രോബയോളജി ലാബ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ക്യാമ്പസിലുള്ള സർക്കാർ അനലിസ്റ്റ്സ് ലബോറട്ടറിയിൽ ആണ് പുതിയ ലാബ് സജ്ജമാക്കിയിട്ടുള്ളത്.

RNU TVPM

*******************************************

## മെട്രോ കണക്ട്-പി രാജീവ്

കൊച്ചിയിലെ വിവിധ സ്ഥലങ്ങളെ മെട്രോസ്റ്റേഷനുകളുമായി ബന്ധിപ്പിച്ചിട്ടുള്ള 'മെട്രോ കണക്ട്' ഇലക്ട്രിക് ബസ് സർവ്വീസ് മന്ത്രി പി രാജീവ് ഇന്ന് കളമശ്ശേരിയിൽ ഫ്ലാഗ് ഓഫ് ചെയ്യും. ആലുവ മുതൽ കൊച്ചി വിമാനത്താവളം വരെയും, കളമശേരി - മെഡിക്കൽ കോളെജ്, ഹൈക്കോർട്ട് - എംജി റോഡ് സർക്കുലർ, തുടങ്ങിയ റൂട്ടുകളിലാണ് ബസ് സർവ്വീസുകൾ ആരംഭിക്കുന്നത്. 15 ഇലക്ട്രിക് ബസുകൾ ആണ് ഇതിനായി ഉപയോഗിക്കുക.

******************************************

## സമന്വയ പദ്ധതി... ഇൻട്രോ

കോഴിക്കോട് കോർപ്പറേഷൻ നടപ്പിലാക്കുന്ന "സമന്വയ" പദ്ധതിയുടെ പ്രഖ്യാപനം ഇന്ന് വൈകിട്ട് കോഴിക്കോട് ബീച്ചിൽ നടക്കും. വയോജന/ഭിന്നശേഷി സൗഹൃദമായ നഗരം സൃഷ്ടിക്കുകയും സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കി പുതിയൊരു മാതൃക സൃഷ്ടിക്കുക യുമാണ് പദ്ധതിയുടെ ലക്ഷ്യം.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.........**

**(വോയ്സ്)**

******************************************

## എഴുത്തച്ഛൻ പുരസ്കാരം

പ്രശസ്ത എഴുത്തുകാരൻ എൻ.എസ്. മാധവന് 2024ലെ എഴുത്തച്ഛൻ പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ സമ്മാനിക്കും. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും..

PNU TVPM

******************************************

## നിക്ഷേപക സംഗമം

കേരള സർക്കാർ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിൽ യു.എ.ഇ സാമ്പത്തിക കാര്യ മന്ത്രി അബ്ദുള്ള ബിൻ തൗഖ് അൽ മാരി പങ്കെടുക്കുമെന്ന് മന്ത്രി പി രാജീവ്. നിക്ഷേപക സംഗമവുമായി ബന്ധപ്പെട്ട് ദുബായിൽ നടന്ന റോഡ് ഷോയിൽ യുഎഇയിലെ ഇന്ത്യൻ അംബാസഡർ സഞ്ജയ് സുധീർ ഉൾപ്പടെയുള്ളവർ പങ്കെടുത്തു. ഇന്ത്യ-യുഎഇ ബന്ധത്തിൽ കേരളത്തിന് അതുല്യമായ സ്ഥാനമാണുള്ളതെന്ന് ശ്രീ സഞ്ജയ് സുധീർ പറഞ്ഞു.

**************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും

**************************************

## പ്രധാനമന്ത്രി മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 19ന്. ഈ വർഷത്തെ ആദ്യ മൻ കി ബാത് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ ഈ മാസം 17 വരെ പങ്കുവയ്ക്കാവുന്നതാണ്.

BNU TVPM

**************************************

## ബോബി ചെമ്മണ്ണൂർ

അഭിനേത്രി ഹണി റോസിനെ ലൈംഗികമായി അധിക്ഷേപിച്ച കേസിൽ ഇന്നലെ ജാമ്യം അനുവദിച്ച ശേഷവും വ്യവസായി ബോബി ചെമ്മണ്ണൂർ കാക്കനാട് ജില്ലാ ജയിലിൽ നിന്ന് പുറത്തിറങ്ങാതിരുന്നതിനെ കടുത്ത ഭാഷയിൽ വിമർശിച്ച് ഹൈക്കോടതി. ഇന്ന് രാവിലെ ജയിലിൽ നിന്ന് പുറത്തിറങ്ങിയതിന് ശേഷം ബോബി മാധ്യമങ്ങളോട് പറഞ്ഞത് വ്യക്തമാക്കണമെന്നും പുറത്തിറങ്ങാൻ വിസമ്മതിച്ച സാഹചര്യം വിശദീകരിക്കണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടു. ബോബി മാപ്പ് പറഞ്ഞോ എന്ന് പരിശോധിക്കണമെന്നും ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണൻ നിർദ്ദേശിച്ചു.

**************************************

## റാഗ് ബാഗ് മേള

ലോക കലാമേളയായ റാഗ് ബാഗിന്റെ ആദ്യ പതിപ്പിന് കോവളത്തെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ തുടക്കമായി. നാടകം, സർക്കസ്, ഫിസിക്കൽ കോമഡി, പാവകളി, ഷാഡോ പ്ലേ, എന്നിങ്ങനെ വ്യത്യസ്തങ്ങളായ കലാരൂപങ്ങളുടെ സമന്വയമാണ് റാഗ് ബാഗ് മേള. വിദേശരാജ്യങ്ങളിൽ നിന്നുൾപ്പെടയുള്ള 300-ലേറെ കലാപ്രവർത്തകർ പങ്കെടുക്കും. വ്യത്യസ്ത വിഷയങ്ങളെ അധികരിച്ചുള്ള പാനൽ ചർച്ചകളും മേളയുടെ ഭാഗമായുണ്ടാകും. ജനുവരി 19 ന് മേള അവസാനിക്കും.

*********************************************

## ലേബർ ബാങ്ക്-കണ്ണൂർ . (ഇൻട്രോ)

RNU TVPM

വിവിധ തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് ലേബർ ബാങ്ക് പദ്ധതി നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായ മൊബൈൽ ആപ്ലിക്കേഷൻ മന്ത്രി എം.ബി.രാജേഷ് പുറത്തിറക്കി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

(വോയ്സ്)

*********************************************

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള - തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത

പാലിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും നിർദേശമുണ്ട്.

************************************

## വനിതാ ക്രിക്കറ്റ്

വനിതാ ക്രിക്കറ്റിൽ, മൂന്ന് മത്സരങ്ങളുള്ള ഇന്ത്യ അയർലൻഡ് ഏക ദിന പരമ്പരയുടെ അവസാന മത്സരം ഗുജറാത്തിലെ രാജ്കോട്ടിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യൻ വനിതകൾ 23 ഓവറിൽ 188 റൺസ് എടുത്തിട്ടുണ്ട്.

************************************

## ഐ എസ് എൽ

ISL ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻ SC - ചെന്നൈയിൻ FC യെ നേരിടും. കൊൽക്കത്തയിൽ രാത്രി 7:30 നാണ് മത്സരം.

RNUTVPM

************************************

## വിജിലൻസ് നിരീക്ഷണം... ഇൻട്രോ

പാലക്കാട് ജില്ലാ അതിർത്തികളിലെ മോട്ടോർവാഹന ചെക്ക്പോസ്റ്റുകളിൽ നടത്തിയ പരിശോധനയിൽ വൻതോതിൽ കണക്കിൽപ്പെടാത്ത പണം പിടിച്ചെടുത്ത സാഹചര്യത്തിൽ വിജിലൻസ് നിരീക്ഷണം ശക്തിപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാടു ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

************************************

## മലപ്പുറം - കാട്ടാനാക്രമണം

മലപ്പുറത്ത് ആദിവാസി സ്ത്രീ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടു. വിറക് ശേഖരിക്കാൻ പോയ കാട്ടുനായക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീയാണ് മരിച്ചത്.

*************************************

## കടുവ - വയനാട്

വയനാട് പുൽപ്പള്ളിയിൽ വീണ്ടും കടുവയുടെ ആക്രമണം. അമരക്കുനിയിൽ നിന്നും രണ്ട് കിലോമീറ്റർ അകലെ തൂപ്ര അങ്കണവാടിക്ക് സമീപമുള്ള വീട്ടിൽ നിന്നും കടുവ ഒരു ആടിനെ കൂടി പിടികൂടി. വനംവകുപ്പ് തെരച്ചിൽ തുടരുന്നതിനിടെയാണ് സംഭവം.

**************************************************************************

*************************************

RNU TVPM